Deepika 21/11/23

# വിഴിഞ്ഞം തുറമുഖം: ജനകീയ പഠന റിപ്പോർട്ട് ഇന്ന് പ്രകാശനം ചെയ്യും

**തിരുവനന്തപുരം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയിലെ പിഴവുകൾ വെളിവാക്കുന്ന ജനകീയ പഠനറിപ്പോർട്ട് ഇന്ന് പ്രകാശനം ചെയ്യും.

രാവിലെ 10.30ന് പ്രസ് ക്ലബ് ഹാളിൽ നടക്കുന്ന ചടങ്ങിൽ പരിസ്ഥിതി പ്രവർത്തകനും ഗ്രന്ഥകാരനുമായ രാമചന്ദ്ര ഗുഹ റിപ്പോർട്ട് പ്രകാശനം ചെയ്യും. തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ ഡോ. തോമസ് ജെ. നെറ്റോ അധ്യക്ഷത വഹിക്കും. മാധ്യമപ്രവർത്തകൻ ആർ. രാജഗോപാൽ പ്രഭാഷണം നടത്തും.

ജനകീയ പഠനസമിതിയുടെ സമഗ്രമായ റിപ്പോർട്ട് വ്യക്തമാക്കുന്നത് തീരശോഷണവും വീടുകളുടെ നാശവും കടൽമേഖലയിലെ ജൈവവൈവിധ്യത്തിന് ഉണ്ടായ ദോഷങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. കരാറിലെ തെറ്റായ വ്യവസ്ഥകൾ മൂലം പൊതുഖജനാവിനുണ്ടായ നഷ്ടങ്ങളെക്കുറിച്ചും വ്യക്തമായ വിവരണം റിപ്പോർട്ടിലുണ്ട്. മത്സ്യബന്ധന സമൂഹം ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നങ്ങൾ നേരിടുന്നതിന് എങ്ങനെയാണ് ക്രമീകരണങ്ങൾ ഒരുക്കേണ്ടതെന്നും ഇക്കാര്യത്തിൽ സർക്കാർ എന്തുനടപടിയാണ് കൈക്കൊള്ളേണ്ടതെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

കേന്ദ്ര ഭൗമശാസ്ത്രപഠനകേന്ദ്രം മുൻ ശാസ്ത്രജ്ഞൻ ഡോ. കെ.വി. തോമസ് അധ്യക്ഷനായ സമിതിയിൽ ഡോ. ജോൺ കുര്യൻ, പ്രോബീൻ ബാനർജി, ഡോ. കെ.ജി താര, ഡോ. ടെറി മച്ചാഡോ, സരിത ഫെർണാണ്ടസ്, ഡോ. ജോൺസൺ ജാമന്റ് എന്നിവരുൾപ്പെയുന്ന സമിതിയാണ് റിപ്പോർട്ട് തയാറാക്കിയത്.

# Study suggests review of Vizhinjam project by finance standards panel

The government should prioritise comprehensive environmental assessments for large coastal development projects such as the Vizhinjam seaport by adhering to coastal regulations, suggests study report that will be released today

**The Hindu Bureau**
KOCHI

An expert committee report on impact of Vizhinjam International Seaport project on beaches, coastal sea, biodiversity, and the livelihoods of fishing communities has called for a review of the Vizhinjam International Seaport project by a government-appointed Finance Standards Committee.

The review shall be carried out in the wake of the Comptroller and Auditor General (CAG) reporting the unfair advantage to the concessionaire of the project and the potential loss to public revenues, suggested the report prepared by a Janakeeya Padana Samithi headed K.V. Thomas, former dean of the Kerala University of Fisheries and Ocean Studies.

**To ensure transparency**

The implementation and decision-making process of the project shall be thoroughly reviewed to ensure transparency, fairness, and accountability in the wake of the CAG report. The coastal development projects in Kerala shall be reviewed considering the dynamic nature of the marine ecosystem, and its socio-economic and cultural importance. The government should prioritise comprehensive environmental assessments for large coastal development projects, such as the Vizhinjam project by adhering to coastal regulations, it said.

Any future development in the Vizhinjam area should consider sustainable practices that allow the fishing communities to continue their traditional livelihoods while ensuring the protection of the region's historical and ecological assets.

The consent of local self-governing institutions and grama sabhas must be obtained before any new plans for any infrastructure development are implemented, considering the tension between the push for port development and the preservation of Vizhinjam's historical and natural heritage, it said.

**Reliable EIA**

The panel, which felt that the process leading to the grant of the Vizhinjam port contract to Adani Vizhinjam Port Private Limited (AVPPL) lacked transparency, suggested steps to prioritise transparency, competitive bidding, and reliable, technically and socially sound Environmental Impact Assessments (EIA). A comprehensive, honest, and transparent environmental assessment shall be carried out for projects like the Vizhinjam port. The EIA notification must be amended to bring in accountability for those who prepare the EIA. The government shall take steps to address the deficiencies in the EIA.

**The panel suggests government to take steps to address the deficiencies in the EIA**

**Develop strategies**

Strategies to combat erosion and steps to offer support to affected residents must be developed. As the project posed a significant threat to the region's biodiversity and ecosystems, studies to assess biodiversity loss and improve fish stocks shall be taken.

An inter-departmental committee shall be appointed to oversee the speedy and correct implementation of all resettlement and compensation matters promised by both the government and the AVPPL to the affected fishing communities, it suggested.

The report will be released on Tuesday.

# വിഴിഞ്ഞം തീരദേശ വികസനം: ടാസ്ക് ഫോഴ്സ് വേണമെന്ന് ജനകീയ സമിതി റിപ്പോർട്ട്

Kerala Kaumudi 22/11/23

തിരുവനന്തപുരം: വിഴിഞ്ഞം തീരദേശ വികസനപദ്ധതിക്കായി ടാസ്ക് ഫോഴ്സ് രൂപീകരിക്കണമെന്ന് തുറമുഖ പ്രത്യാഘാത പഠന റിപ്പോർട്ട്. മേഖലയിലെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിന് സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിനെ ചുമതലപ്പെടുത്തണമെന്നും ജനകീയ സമരസമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ പറയുന്നു.

തീരദേശത്തിന്റെ പോഷണത്തിലും അവശിഷ്ട പരിപാലനത്തിലും പ്രാദേശിക സമൂഹങ്ങളെ ഉപയോഗപ്പെടുത്തണം. മത്സ്യത്തൊഴിലാളി സമൂഹത്തിന് ന്യായമായ നഷ്ടപരിഹാരം ഉറപ്പാക്കണം. തുറമുഖ വികസനവും മത്സ്യബന്ധന സമൂഹവും തമ്മിലുള്ള സംഘർഷം കുറയ്ക്കണമെന്നും ആഘാതം നേരിട്ട കടൽത്തീരങ്ങൾ ഉണ്ടെങ്കിൽ അവയെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടു.

പരിസ്ഥിതി ആഘാത വിലയിരുത്തലിൽ പോരായ്മകളുണ്ടെന്നാണ് ആരോപണം. പദ്ധതിയുമായി ബന്ധപ്പെട്ട് സി.എ.ജി റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന വസ്തുതകൾ വിലയിരുത്തണം. കടൽഭിത്തി നിർമ്മാണത്തിന് മൊറട്ടോറിയം ഏർപ്പെടുത്തുക, മത്സ്യബന്ധന സമൂഹങ്ങൾ, ടൂറിസം പങ്കാളികൾ, സാംസ്കാരിക-മത ഗ്രൂപ്പുകൾ എന്നിവയ്ക്കിടയിൽ സഖ്യങ്ങൾ രൂപീകരിക്കുക എന്നീ ആവശ്യങ്ങളും റിപ്പോർട്ടിലുണ്ട്.

ചരിത്രകാരൻ രാമചന്ദ്ര ഗുഹ റിപ്പോർട്ട് പ്രകാശനം ചെയ്തു. സമരസമിതി പ്രതിനിധികളായ പാട്രിക് മൈക്കിൾ, എൽസി ഗോമസ് എന്നിവർ റിപ്പോർട്ട് ഏറ്റുവാങ്ങി.

തിരുവനന്തപുരം ലത്തീൻ അതിരൂപതാ അദ്ധ്യക്ഷൻ തോമസ് ജെ. നെറ്റോ അദ്ധ്യക്ഷത വഹിച്ചു. ഫാ. യൂജിൻ പെരേര, റിപ്പോർട്ട് തയ്യാറാക്കിയ സമിതി അദ്ധ്യക്ഷൻ ഡോ. കെ. വി. തോമസ്, മാദ്ധ്യമപ്രവർത്തകൻ ആർ. രാജഗോപാൽ, അഖില കേരള ധീരവസഭ ജനറൽ സെക്രട്ടറി വി. ദിനകരൻ, ഡോ. ജോൺ കുര്യൻ, അഡ്വ. ഷെറി ജെ. തോമസ് തുടങ്ങിയവർ സംസാരിച്ചു.

Deepika
22/11/23

# വിഴിഞ്ഞം തുറമുഖ നിർമാണം പരിസ്ഥിതി, ഭൂമിശാസ്ത്ര പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയെന്ന് പഠനം




**ലോക മത്സ്യത്തൊഴിലാളി ദിനമായ ഇന്നലെ തിരുവനന്തപുരം പ്രസ് ക്ലബിൽ നടന്ന ചടങ്ങിൽ ജനകീയ പഠനസമിതി തയാറാക്കിയ 'വിഴിഞ്ഞം തുറമുഖ പ്രത്യാഘാത പഠന റിപ്പോർട്ട്' പ്രശസ്ത ചരിത്രകാരനും പരിസ്ഥിതി പണ്ഡിതനുമായ രാമചന്ദ്ര ഗുഹ പ്രകാശനം ചെയ്തപ്പോൾ. തിരുവനന്തപുരം ലത്തീൻ അതിരൂപത വികാരി ജനറാൾ മോൺ. ഡോ. യൂജിൻ എച്ച്. പെരേര, ജനകീയ പഠനസമിതി അധ്യക്ഷൻ ഡോ. കെ.വി. തോമസ്, തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ, ഡോ. ജോൺ കുര്യൻ, കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി. ജെ. തോമസ്, അഖിലകേരള ധീവരസഭ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.വി. ദിനകരൻ , എഡിറ്റർ അറ്റ് ലാർജ് - ദി ടെലിഗ്രാഫ് ആർ. രാജഗോപാൽ എന്നിവർ സമീപം. - ദീപിക**

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖ നിർമാണം മൂലം വൻ പരിസ്ഥിതി, ഭൂമിശാസ്ത്ര പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയതായി ജനകീയ പഠന സമിതിയുടെ റിപ്പോർട്ട്. ഈ സാഹചര്യത്തിൽ സമഗ്രമായ പരിസ്ഥിതി വിലയിരുത്തലുകൾക്കു മുൻഗണന നല്കണമെന്നു ദേശീയ ഭൗമശാസ്ത്ര പഠനകേന്ദ്രം മുൻ തലവനും കേരള ഫിഷറീസ് യൂണിവേഴ്സിറ്റി മുൻ ഡീനുമായ ഡോ. കെ.വി. തോമസ് അധ്യക്ഷനായ ജനകീയ പഠനസമിതി ശിപാർശ ചെയ്തു.

തീരദേശ വികസന പദ്ധതികൾക്കായി ടാസ്ക് ഫോഴ്സ് രൂപീകരിക്കണമെന്നും തീരപോഷണത്തിനും അവശിഷ്ട പരിപാലനത്തിനും പ്രത്യേകം ശ്രദ്ധിക്കണമെന്നും ഇക്കാര്യങ്ങളിൽ പ്രദേശവാസികളെ ഉൾപ്പെടുത്തണമെന്നുമുള്ള നിർദേശവും മുന്നോട്ടു വയ്ക്കുന്നുണ്ട്. തുറമുഖം ഈ മേഖലയിലെ ജൈവവൈവിധ്യത്തിനു വൻ ഭീഷണിയാണ് ഉയർത്തുന്നത്. ഭീഷണി നേരിടാൻ പദ്ധതികൾ തയാറാക്കാൻ ജൈവവൈവിധ്യ ബോർഡിനെ ചുമതലപ്പെടുത്തണം.

തുറമുഖ നിർമാണം മൂലമുണ്ടാകുന്ന ആഘാതങ്ങൾ സംബന്ധിച്ച് പഠനം നടത്താൻ മത്സ്യത്തൊഴിലാളി സമൂഹം നിർദേശിക്കുന്ന പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി സമിതി രൂപീകരിക്കണമെന്ന് ആദ്യഘട്ടത്തിൽ സമരസമിതി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സർക്കാർ ഈ ആവശ്യം അംഗീകരിക്കാതെ വന്നതോടെ ലത്തീൻ കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ ഡോ. കെ.വി. തോമസ് അധ്യക്ഷനായ ജനകീയ പഠന സമിതി 2022 നവംബറിൽ രൂപീകരിച്ചു. ഒരുവർഷത്തിനുള്ളിൽ സമിതി വിഴിഞ്ഞം തുറമുഖം മൂലമുണ്ടാകുന്ന പ്രതിസന്ധികളും പ്രതിവിധികളും സംബന്ധിച്ച വിശദമായ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

Mathrubhumi
22/11/23

## വിഴിഞ്ഞം തുറമുഖം

# രാജ്യസുരക്ഷയ്ക്കു ഭീഷണി -രാമചന്ദ്ര ഗുഹ




▶ വിഴിഞ്ഞം തുറമുഖനിർമാണം മത്സ്യത്തൊഴിലാളി മേഖലയിലുണ്ടാക്കിയ പാരിസ്ഥിതികാഘാതത്തെക്കുറിച്ച് ജനകീയസമിതി തയ്യാറാക്കിയ പഠന റിപ്പോർട്ടിന്റെ പ്രകാശനം നിർവഹിച്ച ചരിത്രകാരനും എഴുത്തുകാരനുമായ രാമചന്ദ്ര ഗുഹ, തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ.നെറ്റോയുമായി കുശലംപറയുന്നു

**തിരുവനന്തപുരം ▶** വിഴിഞ്ഞം തുറമുഖം സ്വകാര്യ കമ്പനിയുടെ കൈവശമാകുന്നത് രാജ്യസുരക്ഷയെയും ബാധിക്കുന്ന വിഷയമാണെന്ന് ചരിത്രകാരൻ രാമചന്ദ്ര ഗുഹ പറഞ്ഞു. വിഴിഞ്ഞം തുറമുഖം സംബന്ധിച്ച് ജനകീയ പഠനസമിതി തയ്യാറാക്കിയ പ്രത്യാഘാത റിപ്പോർട്ട് പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാമ്പത്തിക-സാമൂഹിക-പാരിസ്ഥിതിക-രാഷ്ട്രീയ മേഖലകളിലൊന്നും സമൂഹത്തിനു യോജിച്ചതല്ല വിഴിഞ്ഞം തുറമുഖം. ഒരു സ്വകാര്യ കമ്പനിക്കാണ് ഇതിന്റെ നേട്ടം. ഒരു കമ്പനിക്ക് തുറമുഖ, വിമാനത്താവള മേഖലകളിൽ കുത്തക ലഭിക്കുന്നത് രാജ്യസുരക്ഷയെ ബാധിക്കുമെന്ന് രാമചന്ദ്ര ഗുഹ പറഞ്ഞു.

വിഴിഞ്ഞം സമരസമിതി ഭാരവാഹികളായ പാട്രിക് മൈക്കിൾ, എൽസി ഗോമസ് എന്നിവർ റിപ്പോർട്ട് ഏറ്റുവാങ്ങി. സമവായത്തിന് ഇനിയും സമയമുണ്ടെന്നാണ് റിപ്പോർട്ട് കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതാ അധ്യക്ഷൻ ഡോ. തോമസ് ജെ.നെറ്റോ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

സർക്കാരിന്റെ എല്ലാ വകപ്പുകൾക്കും റിപ്പോർട്ട് കൈമാറുമെന്നും അദ്ദേഹം പറഞ്ഞു. തുറമുഖത്തിനുവേണ്ടിയുള്ള ഡ്രഡ്ജിങ് തിരുവനന്തപുരത്തിന്റെ തീരദേശത്തെ തകർക്കുമെന്നും പാരിസ്ഥിതിക പഠനാനുമതി നൽകുന്നതിന് മുമ്പ് ഇതൊന്നും പരിശോധിച്ചിട്ടില്ലെന്നും റിപ്പോർട്ട് തയ്യാറാക്കിയ കമ്മിറ്റിയുടെ അധ്യക്ഷൻ ഡോ. കെ.വി. തോമസ് പറഞ്ഞു.

ടെലിഗ്രാഫ് ദിനപത്രം എഡിറ്റർ അറ്റ് ലാർജ് ആർ.രാജഗോപാൽ, ഡോ. ജോൺ കുര്യൻ, അഖില കേരള ധീവരസഭാ നേതാവ് വി.ദിനകരൻ, ജാക്സൺ പൊള്ളയിൽ, ഷെറി ജെ.തോമസ്, സിന്ധു നെപ്പോളിയൻ, ഫാ. ഷാജിൻ ജോസ്, ഫാ. യൂജിൻ പെരേര എന്നിവർ സംസാരിച്ചു.

# തുറമുഖനിർമാണം; നാശനഷ്ടം കൂടിയെന്ന് ജനകീയ പഠനസമിതി

**തിരുവനന്തപുരം ▶** വിഴിഞ്ഞം തുറമുഖനിർമാണം തുടങ്ങിയതോടെ മൺസൂൺ മാസങ്ങളിൽ തീരശോഷണവും വീടുകളുടെ നാശനഷ്ടവും വർധിച്ചതായി ജനകീയ പഠനസമിതിയുടെ പ്രത്യാഘാത റിപ്പോർട്ട്. വിഴിഞ്ഞം സമരസമിതിയുടെ നേതൃത്വത്തിലാണ് കഴിഞ്ഞവർഷം പഠനസമിതിയെ നിയോഗിച്ചത്. ഓഖിപോലുള്ള ചുഴലിക്കാറ്റുകളല്ല പകരം മൺസൂൺ കാലത്തെ ഹ്രസ്വവും ഉയർന്നതുമായ തിരമാലകളാണ് കൂടുതൽ നാശനഷ്ടം ഉണ്ടാക്കുന്നത്. തീരശോഷണം സംഭവിച്ചയിടങ്ങളിൽ തിരമാലകൾ കൂടുതൽ തീവ്രതയോടെ ഉള്ളിലേക്കുവരികയും വീടുകൾക്കു നാശനഷ്ടങ്ങൾ ഉണ്ടാക്കിയതായും റിപ്പോർട്ടിൽ പറയുന്നു. തുറമുഖം നിർമിക്കുന്നതിനു മുൻപ് പനത്തുറ, പൂന്തുറ തുടങ്ങിയ പ്രദേശങ്ങളിൽ തീരശോഷണം ബാധിച്ചിരുന്നു. തുറമുഖനിർമാണം തുടങ്ങിയ ശേഷം തീരശോഷണം വലിയതുറയ്ക്കു ചുറ്റുമുള്ള പ്രദേശങ്ങളിലേക്കുകൂടി വ്യാപിച്ചു. ഏഴ് തുറകളിലായി 289 വീടുകളാണ് നഷ്ടപ്പെട്ടത്. ഭവനരഹിതരായവരുടെ പുനരധിവാസത്തിന് 92 കോടിയോളം രൂപയാണ് കണക്കാക്കിയിട്ടുള്ളത്. സമഗ്രമായ പാരിസ്ഥിതികാഘാത വിലയിരുത്തൽ നടത്തണം. ലഘൂകരണ നടപടികൾ സ്വീകരിക്കണം.

ജൈവവൈവിധ്യത്തിന് ഡ്രഡ്ജിങ്ങും പുലിമുട്ടു നിർമാണവും വൻ ഭീഷണി ഉയർത്തുന്നു.

തുറമുഖനിർമാണം ഈ മേഖലയിലെ ജൈവവൈവിധ്യങ്ങളെയും കടൽ ആവാസവ്യവസ്ഥയെയും തകിടംമറിച്ചു. അടിത്തട്ടിലെ ഡ്രഡ്ജിങ്ങും ഖനനവുംപോലുള്ള പ്രവൃത്തികൾ സ്വാഭാവിക പാരുകൾക്കു കേടുപാടുണ്ടാക്കി.

വിവിധ ജീവജാലങ്ങളെ നാശത്തിലേക്ക് എത്തിക്കുകയും ചെയ്തതായും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.



വിഴിഞ്ഞം രാജ്യാന്തര പദ്ധതിയുടെ ഭാഗമായ തീരശോഷണത്തെക്കുറിച്ച് വിഴിഞ്ഞം ജനകീയ സമരസമി
തിക്കു വേണ്ടി വിദഗ്ധ സമിതി നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് പ്രകാശനം ചെയ്യുന്ന ചടങ്ങിൽ തിരുവ
നന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ് ഡോ.തോമസ് ജെ.നെറ്റോ, ഡോ.രാമചന്ദ്രഗുഹ, ഡോ.
ജോൺ കുര്യൻ എന്നിവർ.

ചിത്രം: മനോരമ

# വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ സുതാര്യതയില്ല: രാമചന്ദ്ര ഗുഹ

**തീരശോഷണത്തെ കുറിച്ച് ജനകീയ സമരസമിതി തയാറാക്കിയ പഠന റിപ്പോർട്ട് പ്രകാശനം ചെയ്തു**

**മനോരമ ലേഖകൻ**

തിരുവനന്തപുരം● വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയിൽ സുതാര്യതയില്ലെന്നു ചരിത്രകാരനും പരിസ്ഥിതി ശാസ്ത്രജ്ഞനുമായ രാമചന്ദ്ര ഗുഹ. ഒട്ടേറെ രഹസ്യങ്ങളുള്ളതും ജനാധിപത്യവിരുദ്ധവുമായ പദ്ധതിയാണിതെന്നും ഗുഹ പറഞ്ഞു. വിഴിഞ്ഞം തുറമുഖം മൂലമുണ്ടാകുന്ന തീരശോഷണത്തെക്കുറിച്ച് വിഴിഞ്ഞം ജനകീയ സമരസമിതി തയാറാക്കിയ പഠന റിപ്പോർട്ട് പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം.

തുറമുഖത്തിനു പരിസ്ഥിതി അനുമതി ലഭിക്കുന്നതിന് വിഴിഞ്ഞം രാജ്യാന്തര തുറമുഖ കമ്പനി (വിസിൽ) ഡേറ്റയിൽ തിരിമറി നടത്തിയെന്നാണു റിപ്പോർട്ടിൽനിന്നു മനസ്സിലാകുന്നത്. തീരശോഷണം, ജൈവവൈവിധ്യം, ടൂറിസം, മത്സ്യത്തൊഴിലാളികളുടെ ജീവിതം, ഉപജീവനം എന്നിവയെല്ലാം അവഗണിച്ചാണു പദ്ധതി നടപ്പായത്. സാമ്പത്തികമായും രാഷ്ട്രീയമായും ജൈവവൈവിധ്യപരമായും സാമൂഹികമായും അപഗ്രഥിക്കുമ്പോൾ വിഴിഞ്ഞം പദ്ധതി കാര്യമായ പ്രയോജനം ചെയ്യുന്നില്ല. രാജ്യത്തെ സുപ്രധാന തുറമുഖങ്ങളും വിമാനത്താവളങ്ങളും ഒരു കമ്പനിയുടെ കയ്യിലേക്കു പോകുന്നതു രാജ്യസുരക്ഷയ്ക്കു തന്നെ ഗുണകരമല്ല. പാരിസ്ഥിതിക ദുരന്തവും പദ്ധതി വരുത്തിവയ്ക്കുന്നതായി പഠന റിപ്പോർട്ടിൽനിന്നു വ്യക്തമാണ്.

സമഗ്രമായ ഗവേഷണം നടത്തിയാണു ജനകീയ സമരസമിതിക്കു വേണ്ടി വിദഗ്ധ സംഘം റിപ്പോർട്ട് തയാറാക്കിയതെന്നും സർവകലാശാലകൾ പോലും അംഗീകരിക്കത്തക്ക പഠനഗ്രന്ഥമാണ് ഇതെന്നും രാമചന്ദ്ര ഗുഹ പറഞ്ഞു. എന്നാൽ സർക്കാർ അംഗീകരിക്കുമോ എന്നു തനിക്കറിയില്ല. ലോകത്തു പലയിടത്തും ബദൽ വികസന നയ രൂപീകരണത്തിനായി സിവിൽ സമൂഹം സർക്കാരുമായി ചേർന്നു പഠനവും ഗവേഷണവും നടത്തുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. സമരസമിതി പ്രതിനിധികളായ പാട്രിക് മൈക്കിൾ, എൽസി ഗോമസ് എന്നിവർ റിപ്പോർട്ട് ഏറ്റുവാങ്ങി.

തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ ഡോ.തോമസ് ജെ.നെറ്റോ അധ്യക്ഷത വഹിച്ചു. വികാരി ജനറൽ മോൺ യൂജിൻ പെരേര, ഡോ.കെ.വി തോമസ്, ഡോ.ജോൺ കുര്യൻ, മാധ്യമപ്രവർത്തകൻ ആർ.രാജ ഗോപാൽ, വി.ദിനകരൻ, ജ ക്സൺ പൊള്ളയിൽ, ഷെറി ജെ തോമസ്, സിന്ധു നെപ്പോളിയൻ, ഫാ.ഷാജിൻ ജോസ് എന്നിവർ പ്രസംഗിച്ചു.

ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ മുൻ ചീഫ് സയന്റിസ്റ്റ് ഡോ.കെ.വി.തോമസ് അധ്യക്ഷനായ പഠനസമിതിയിൽ സി ഡിഎസിലെ മുൻ പ്രഫസർ ഡോ .ജോൺ കുര്യൻ, പോണ്ടിച്ചേരി ബീച്ച് പുനരുജ്ജീവനത്തിന നേതൃത്വം നൽകിയ പ്രബീർ ബാനർജി, ഡോ.സരിഗ ഫെർണാണ്ടസ്. ഡോ.ടെറി മക്കാഡോ, ഡോ ജോൺസൺ ജാമന്റ്, ഡോ.കെ ജി.താര എന്നിവർ അംഗങ്ങളായിരുന്നു.

## ജനങ്ങളെ ഉൾക്കൊണ്ടു വികസനം നടപ്പാക്കണം: ആർച്ച് ബിഷപ്

ജനങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട് അധികാരത്തിലെത്തിയവർ ജനങ്ങളെ ഉൾക്കൊണ്ടു വികസനം നടപ്പാക്കണമെന്നു ആർച്ച് ബിഷപ് ഡോ.തോമസ് ജെ.നെറ്റോ. വിഴിഞ്ഞം ജനകീയ സമരസമിതി നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ സർക്കാർ തിരിച്ചറിയണം. കാലങ്ങളായി മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സർക്കാർ കണ്ടില്ലെന്നു നടിക്കുകയാണ്. സമവായത്തിന് ഇനിയും സമയമുണ്ട്. ക്ഷമയോടെ തങ്ങളെ കേൾക്കണം. തീരശോഷണം പഠിക്കാൻ സർക്കാർ നിയോഗിച്ച സമിതി ഒരു വർഷം കഴിഞ്ഞിട്ടും പഠനം പൂർത്തിയാക്കിയില്ല. കൂടുതൽ സ്ഥലം കോർപറേറ്റുകൾക്കു നൽകാനുള്ള വ്യഗ്രതയിലാണു സർക്കാർ. രാജ്യത്തിന്റെ വികസന വൈകല്യത്തിലേക്കു സംസ്ഥാനവും നീങ്ങുകയാണെന്നും ബിഷപ് പറഞ്ഞു.

# വിഴിഞ്ഞം പദ്ധതി തീരത്തെ ശോഷിപ്പിച്ചു

**തോമസ് വർഗീസ്**


വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമാണം തീരശോഷണത്തിനു പ്രധാന കാരണമായെന്നു ജനകീയ പഠന സമിതിയുടെ കണ്ടെത്തൽ. തുറമുഖനിർമാണം ആരംഭിച്ചതോടെ പ്രാദേശിക മത്സ്യബന്ധനത്തൊഴിലാളികളുടെ വീടുകൾക്ക് നാശവും സംഭവിച്ചു. ഈ സാഹചര്യത്തിൽ സമഗ്രമായ പരിസ്ഥിതി ആഘാത വിലയിരുത്തലുകൾ ഉണ്ടാവണം. തീരപരിപാലനത്തിൽ സുതാര്യതയും വിദ്യാഭ്യാസമേഖലയ്ക്കും നിക്ഷേപ മേഖലയ്ക്കും മുൻഗണനയും നല്കണമെന്നും ഡോ. കെ.വി. തോമസ് അധ്യക്ഷനായ ജനകീയ പഠന സമിതി ശിപാർശ ചെയ്യുന്നു.

തുറമുഖത്തിന്റെ വടക്കൻ മേഖലയിലെ വീടുകൾ തിരയിളക്കത്തിൽ നശിച്ചു. തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട കമ്പനത്തിൽ 243 വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. ഇതിനു നഷ്ടപരിഹാരമായി 24.3 കോടി രൂപ നൽകണമെന്നാണ് ജനകീയ പഠന സമിതി ശിപാർശ ചെയ്തിരിക്കുന്നത്. മത്സ്യബന്ധന ഉപകരണങ്ങൾ അടിക്കടി നഷ്ടപ്പെടുന്നു. മത്സ്യത്തൊഴിലാളികൾക്ക് ജീവഹാനിപോലും ഉണ്ടാവുന്നു. തുറമുഖ നിർമാണം ആരംഭിച്ചതോടെ നിരവധി കുട്ടികളുടെ കളിസ്ഥലങ്ങൾ നഷ്ടമായതായും പഠന റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. തെറ്റായ പരിസ്ഥിതി ആഘാത വിലയിരുത്തലുകളെ തുടർന്ന് തുറമുഖത്തിന്റെ തെക്കുഭാഗത്തുള്ള മേഖലകളിൽ മണ്ണിടിച്ചിൽ ഉണ്ടായതായും കണ്ടെത്തിയിട്ടുണ്ട്.

## സുപ്രധാന കണ്ടെത്തലുകളും ശിപാർശകളും

* ഐക്യരാഷ്ട്രസഭ വ്യക്തമാക്കിയ പരിസ്ഥിതി സംരക്ഷണവും മനുഷ്യാവകാശവും തമ്മിലുള്ള ബന്ധം തിരിച്ചറിയണം. വാണിജ്യം, മനുഷ്യാവകാശം എന്നിവയിലെ യുഎൻ മാർഗനിർദേശക തത്വങ്ങൾ വിഴിഞ്ഞത്തും പാലിക്കുന്നുവെന്ന് ഉറപ്പാക്കണം.

* വിഴിഞ്ഞത്തിന്റെ പൈതൃകവും വികസനവും സന്തുലിതമാക്കണം. ഇതിനായി തദ്ദേശ സ്ഥാപനങ്ങളുടെ സമ്മതത്തോടെ വിഴിഞ്ഞം പ്രദേശത്തെ തുടർ വികസനത്തിന് സുസ്ഥിരമായ രീതികൾ പരിഗണിക്കണം.



* അടിസ്ഥാന സൗകര്യ പദ്ധതികൾ തയാറാക്കുമ്പോൾ അതിൽ സുതാര്യത പുലർത്തുക. വിഴിഞ്ഞം കരാറിലെ സുതാര്യത ഇല്ലായ്മ ആശങ്കകൾ ഉയർത്തി.

* പരിസ്ഥിതി ആഘാത വിലയിരുത്തൽ(ഇഐഎ) നിരവധി അപാകതകളും പോരായ്മകളും നിറഞ്ഞതാണ്. ഈ സാഹചര്യത്തിൽ സ്വതന്ത്രമായ മേൽനോട്ടം, പൂർണമായ ഡേറ്റാ വെളിപ്പെടുത്തൽ, വിദഗ്ധ അവലോകന പാനലുകൾ എന്നിവ ഉപയോഗിച്ച് പോരായ്മകൾ അടിയന്തരമായി പരിഹരിക്കണം.

* വിഴിഞ്ഞം പദ്ധതി സംബന്ധിച്ച് സിഎജിയുടെ കണ്ടെത്തലുകൾ ഏറെ ശ്രദ്ധേയമാണ്. സിഎജി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വസ്തുതകൾ അവലോകനം ചെയ്യുകയും ഭാവി വിപുലീകരണത്തിൽ സാമ്പത്തിക, പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക.

* നഷ്ടപ്പെട്ട ബീച്ചുകളുടെ പുനരുജ്ജീവനത്തിന് നടപടികൾ കൈക്കൊള്ളണം. ഇതിനായി തീരദേശ ജനതയെ പൂർണ വിശ്വാസത്തിലെടുത്ത് സമ്പൂർണ സാമൂഹ്യ പങ്കാളിത്തത്തോടെ വിശ്വസനീയമായ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി മുൻഗണനാ ക്രമത്തിൽ ബീച്ചുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തണം.

* കടൽഭിത്തി നിർമാണത്തിനു പകരം ബോധപൂർവം കടലോരത്തുനിന്നു പിൻവാങ്ങൽ നടത്തുന്നത് കൂടുതൽ സുസ്ഥിരമായ ഒരു ബദലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കടൽ ഭിത്തികൾ നിർമിക്കുന്നതിനേക്കൾ സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നല്കണം.

* കോസ്റ്റൽ കമ്യൂണിറ്റി ഹൗസിംഗ് ഫണ്ട് സ്ഥാപിക്കണം. ഇതിനായി സർക്കാർ, പൊതുമേഖല, സ്വകാര്യമേഖല എന്നിവയിലെ ഹൗസിംഗ് ഏജൻസികളെ ഉൾപ്പെടുത്തണം.

* മണൽതീരങ്ങളുടെ സംരക്ഷണവും അവയുടെ വിനോദസഞ്ചാര സാധ്യതകളും ഉപയോഗപ്രദമാക്കണം. പുതിയ നയത്തിന് സമ്മർദം ചെലുത്തണം.

**തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട കമ്പനത്തിൽ 243 വീടുകൾക്ക് കേടുപാടുകൾ ഉണ്ടായി**

* തുറമുഖ വികസനവും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഭാവിയും തമ്മിൽ സംഘർഷം ഉടലെടുക്കരുത്. ഇതിനായി വിശ്വാസം, സമതുലിതമായ വികസനം, സുതാര്യത എന്നിവയിൽ അടിസ്ഥാനമായി പ്രവൃത്തികൾ നടത്താനുള്ള സോഷ്യൽ ലൈസൻസ്(എസ്എൽഒ) രൂപീകരിക്കണം.

* തീരങ്ങൾ, ജൈവവൈവിധ്യം, ഉപജീവനമാർഗങ്ങൾ എന്നിവയിൽ തിരുവനന്തപുരം ജില്ലയിലെ മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെമേൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണം ചെറുതല്ലാത്ത ആഘാതങ്ങളാണ് സൃഷ്ടിക്കുന്നത്.

2015 മുതൽ ഇപ്പോൾ വരെ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് നടത്തിയ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണത്തിന്റെ പ്രത്യാഘാതങ്ങളാണ് ജനകീയ പഠന സമിതി പരിശോധിച്ചത്. നിർമാണത്തിന്റെ ആഘാതം, ഉപജീവനമാർഗത്തിന്റെ തകർച്ച, തീരദേശ സമൂഹങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം, തുറമുഖം പ്രവർത്തനക്ഷമമായാൽ ഭാവിയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് പഠന റിപ്പോർട്ട് തയാറാക്കിയത്.

THE NEW INDIAN EXPRESS
T'PURAM
03 THIRUVANANTHAPURAM
WEDNESDAY 22.11.2023

# Port devpt may harm sensitive coastal, marine ecosystem: Study

It explores geomorphological, ecological, livelihood impacts of Vizhinjam port activities

**EXPRESS NEWS SERVICE** @T'Puram

HISTORIAN Ramachandra Guha released a report of the Janakeeya Padana Samithi (JPS) constituted by the coastal protesters to assess the impact of Vizhinjam International Seaport in Thiruvananthapuram (VIST) in a function organised in Thiruvananthapuram, on World Fisheries Day on Tuesday.

The study stated that the port development has the potential to harm the sensitive coastal and marine ecosystem, affecting marine biodiversity, and the livelihoods and cultural spaces of marginalised fisherfolk. It was prepared under the chairmanship of K V Thomas, former scientist of National Centre for Earth Science Studies.

The report was constituted to holistically examine the geomorphological, ecological, and livelihood impacts of the construction activities related to the Vizhinjam International Seaport, conducted by Vizhinjam International Seaport Limited (VISL) and Adani Vizhinjam Port Private Limited (AVPPL), from 2015 to the present. It demanded the government take appropriate steps to minimise the adverse impact of the port and ensure transparency. The study report also mentioned major recommendations. The Kerala State Human Rights Commission (KSHRC) suo motu shall investigate if the VISL and AVPPL have adhered to the foundational principles of the UN Guiding Principles on Business and Human Rights. The consent of local self-governing institutions and grama sabhas must be obtained before any new plans for infrastructure development are implemented.



### What it recommends

1. The Kerala State Human Rights Commission suo motu shall inquire if the VISL and AVPPL have adhered to the foundational basics of the UN Guiding Principles on Business and Human Rights
2. The consent of local self-governing institutions and grama sabhas must be obtained before any new plans for infrastructure development are implemented

It also stated that the Janakeeya Samara Samithi should appoint a person of high repute as 'People's Ombudsman' who can investigate complaints from individuals and groups who have been treated unfairly.

The facts mentioned in the CAG report about the unfair advantage to the concessionaire and potential loss to public revenues should be reviewed by a government-constituted Finance Standards Committee. The report suggested that the government should constitute a special task force for reviewing the coastal development projects, with members consisting of appropriate independent experts for considering a long-term plan to balance economic development with environmental sustainability.

It suggested the government to commission the Kerala State Biodiversity Board (KSBB) to address the imminent threat to biodiversity from the Vizhinjam port project before further phased development of the port is initiated.

It also asked the government to request the appropriate departments of the Kerala University to undertake a comprehensive evaluation of the true economic, ecological, and cultural value of these services by an inter-disciplinary team with the full and informed participation of the fishing communities.

Another recommendation made was for the government to constitute an inter-departmental committee to oversee the speedy and correct implementation of all resettlement and compensation matters promised by both the government and the AVPPL to the affected fishing communities.

പേജ് 01 തുടർച്ച



വിഴിഞ്ഞം ജനകീയ സമിതി നടത്തിയ പഠന റിപ്പോർട്ട് തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ സംഘടിപ്പിച്ച ചടങ്ങിൽ പുറത്തിറക്കുന്നു

യില്ല. ലോക പലയിടത്തും ബദൽ വികസന നയ രൂപീക രണത്തിനായി സിവിൽ സമൂഹം സർക്കാരുമായി ചേർന്നു പഠനവും ഗവേഷണവും നടത്തുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

തുറമുഖ പദ്ധതി കടൽ ആവാസവ്യവസ്ഥയെ ഗുരുതരമായി ബാധിക്കുമെന്ന് പഠന റിപ്പോർട്ടിൽ വ്യക്തമാക്കുന്നുവെന്ന് റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം അവതരിപ്പിച്ച ജനകീയ പഠന സമിതി അധ്യക്ഷൻ ഡോ. കെ.വി. തോമസ് വ്യക്തമാക്കി.

പ്രശസ്ത മാധ്യമ പ്രവർത്തകൻ രാജഗോപാൽ റിപ്പോർട്ടിന്മേലുള്ള പ്രതികരണം നടത്തി. അഖിലകേരള ധീവര സഭ പ്രതിനിധി ദിനകരൻ, ജാക്സൻ പൊള്ളയിൽ, അഡ്വ. ഷെറി ജെ. തോമസ്, സിന്ധു മരിയ നെപ്പോളിയൻ എന്നിവർ ലോകമത്സ്യത്തൊഴിലാളി ദിന സന്ദേശം നൽകി. തുടർന്ന് പഠനസമിതി അംഗങ്ങളുമായി ചോദ്യോത്തര ചർച്ച നടന്നു.

## വിഴിഞ്ഞം തുറമുഖ ആഘാത പഠന റിപ്പോർട്ട്

ജനകീയ പഠനസമിതിയുടെ വിഴിഞ്ഞം തുറമുഖ ആഘാത പഠന റിപ്പോർട്ടിൽ വികസനവും പരിപാലനവും സന്തുലിതമാക്കാനുള്ള ഒരു സമീപനം സർക്കാർ സ്വീകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. 200 പേജുള്ള റിപ്പോർട്ടിൽ വിഴിഞ്ഞത്തിന്റെ ചരിത്രപരമായ പ്രാധാന്യവും നൂറ്റാണ്ടുകൾ മുതൽ ഇന്നുവരെയുള്ള അതിന്റെ പ്രയാണത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. വിഴിഞ്ഞം തുറമുഖ നിർമ്മാണം കൊണ്ടുണ്ടായ തീര ശോഷണം, ജൈവ വൈവിധ്യങ്ങൾക്കുണ്ടായ ആഘാതം, മീൻപിടിത്ത സമൂഹങ്ങൾ ക്കുണ്ടായ പ്രത്യാഘാതങ്ങൾ എന്നിവ വ്യക്തമാക്കുന്നു. തീരജനതയ്ക്ക് തീരത്ത് ജീവിക്കാനുള്ള അവ കാശത്തെ ഇല്ലാതാക്കുന്നതാണ് ഏറ്റവും വലിയ വികസന വിരുദ്ധമെന്ന് റിപ്പോർട്ട് ഓർമ്മപ്പെടുത്തുന്നു. മത്സ്യത്തൊഴിലാളിക ളുടെ കാഴ്ചപ്പാട്, നിലവിലെ അവസ്ഥ, നിഗമനങ്ങൾ, ശുപാർശ കൾ എന്നിങ്ങനെ വിഴിഞ്ഞം തുറമുഖം സൃഷ്ടിക്കുന്ന സമസ്ത മേഖലയിലെയും വെല്ലുവിളികളെ ശാസ്ത്രീയമായും ആധികാരി കമായ രേഖകളുടെ അടിസ്ഥാന ത്തിലും റിപ്പോർട്ട് വിശദീകരിക്കുന്നു.

Editorial

# നമ്മുടെ തീരം, നമ്മുടെ കടൽ

ആഗോള താപനവും കാലാവസ്ഥാവ്യതിയാനവുമാണ് തിരുവനന്തപുരം ജില്ലയിലെ അതിരൂക്ഷമായ തീരശോഷണത്തിന് കാരണമെന്നും വിഴിഞ്ഞത്തെ തുറമുഖനിർമാണവുമായി അതിന് ഒരു ബന്ധവുമില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയും, ഇതു സ്ഥിരീകരിക്കാനെന്നോണം തിരുവനന്തപുരത്തെ ദേശീയ ഭൗമശാസ്ത്രപഠനകേന്ദ്രം, ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷൻ ടെക്നോളജി എന്നിവയുടെ പേരിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് കമ്പനി (വിസിൽ) അദാനി പോർട്സ് ഗ്രൂപ്പിനു വേണ്ടി കരടു ധവളപത്രം ഇറക്കുകയും ചെയ്തപ്പോഴും, 2022 ഒക്ടോബറിൽ ഗവൺമെന്റ് വാഗ്ദാനം ചെയ്ത വിദഗ്ധ സമിതി റിപ്പോർട്ടിനായി കാത്തിരിക്കയായിരുന്നു നാട്ടുകാർ.

വിഴിഞ്ഞം തുറമുഖ നിർമാണം നിർത്തിവച്ച് തീരശോഷണത്തെക്കുറിച്ച് പഠിക്കാൻ തീരദേശവാസികളുടെ ഒരു പ്രതിനിധിയെ കൂടി ഉൾപ്പെടുത്തി വിദഗ്ധ പാനൽ രൂപീകരിക്കണമെന്നത് 2022 ജൂലൈയിൽ ആരംഭിച്ച് 140 ദിവസം നീണ്ട വിഴിഞ്ഞം ജനകീയ സമര സമിതി പ്രക്ഷോഭത്തിന്റെ പ്രഥമ ആവശ്യമായിരുന്നു. പുനെയിലെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ മുൻ അഡീഷണൽ ഡയറക്ടറും കോസ്റ്റൽ എൻജിനിയറിങ് വിദഗ്ധനുമായ എം.ഡി കുദലേ അധ്യക്ഷനായി വിദഗ്ധ സമിതിയെ സർക്കാർ പ്രഖ്യാപിച്ചു. തീരദേശ പ്രതിനിധിയെ അതിൽ ഉൾപ്പെടുത്തിയില്ല എന്നതിനാൽ സമര സമിതി കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല മുൻ ഡീനും ദേശീയ ഭൗമശാസ്ത്രപഠനകേന്ദ്രത്തിലെ മുൻ ശാസ്ത്രജ്ഞനും ഗ്രൂപ്പ് മേധാവിയുമായ കെ.വി തോമസ് ചെയർമാനായി ഏഴംഗ പഠന സമിതിയെ നിയോഗിക്കുകയായിരുന്നു. തീരത്ത് വിപുലമായ വസ്തുതാപഠനവും തെളിവെടുപ്പും സമഗ്രവും ഗഹനവുമായ ശാസ്ത്രവിശകലനവും നടത്തി പഠന സമിതി ലോക മത്സ്യത്തൊഴിലാളി ദിനത്തിൽ പ്രകാശനം ചെയ്ത റിപ്പോർട്ട് നമ്മുടെ രാഷ്ട്രീയ നേതൃത്വവും കോർപറേറ്റ് ജിഹ്വകളും വിഴിഞ്ഞം പദ്ധതിയുടെ പേരിൽ ഇത്രയും കാലം പറഞ്ഞുപരത്തിയ കള്ളങ്ങളോരോന്നും തുറന്നുകാട്ടുന്നുണ്ട്. കുദലേയുടെ റിപ്പോർട്ട് ഇനിയും വെളിച്ചം കണ്ടിട്ടില്ല.

വിഴിഞ്ഞം തുറമുഖനിർമാണം മൂലം തിരുവനന്തപുരം ജില്ലയിലെ കടൽതീരത്തും തീരക്കടലിലും ജൈവവൈവിധ്യത്തിലും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനത്തിലുമുണ്ടായിട്ടുള്ള ആഘാതമാണ് ജനകീയ പഠന സമിതി റിപ്പോർട്ടിന്റെ കാതൽ. തീരസുസ്ഥിരത, ജൈവ വൈവിധ്യം, അതിവിശിഷ്ട പ്രകൃതിസൗന്ദര്യമേഖല, മത്സ്യബന്ധനതുറമുഖത്തിനുണ്ടാകുന്ന ആഘാതം, ഡ്രെഡ്ജിങ്ങിന്റെ ആവശ്യകത, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം എന്നിവയെ സംബന്ധിച്ച ഡേറ്റയിൽ കൃത്രിമം കാണിച്ചും പലതും മറച്ചുവച്ചും വളച്ചൊടിച്ചുമാണ് വിസിൽ വിശദ പദ്ധതി രേഖയും പരിസ്ഥിതി ആഘാതപഠന റിപ്പോർട്ടും തയാറാക്കിയതെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. തീരത്തിനും കടലിന്റെ ആവാസവ്യവസ്ഥയ്ക്കും സമുദ്ര ജൈവവൈവിധ്യത്തിനും വൻതോതിൽ നാശം വരുത്തുന്നതും, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനോപാധിയെയും തൊഴിലിടത്തെയും സാംസ്കാരിക ഭൂമികയെയും ബാധിക്കുന്നതുമാണ് വിഴിഞ്ഞം തുറമുഖ പദ്ധതി.

സിഎംഎഫ്ആർഐയുടെ 2016-ലെ കണക്കുകൾ പ്രകാരം, കേരളത്തിൽ ഏറ്റവും കൂടുതൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളുള്ള (4,483), ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള (17,858), ഏറ്റവും കൂടുതൽ പൂർണസമയ മത്സ്യത്തൊഴിലാളികളുള്ള (4,950), ഏറ്റവും കൂടുതൽ പരമ്പരാഗത മീൻപിടുത്ത ഉരുക്കളുള്ള (1,622), ഏറ്റവും കൂടുതൽ ഔട്ട്ബോർഡ് മോട്ടോറുകളുള്ള (1,492) ഗ്രാമമാണ് വിഴിഞ്ഞം. തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ പോലും 30,000 മത്സ്യത്തൊഴിലാളികൾ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്ത് ജോലിക്കെത്തുന്നു.

വിഴിഞ്ഞം തുറമുഖത്തിനായി 3.18 കിലോമീറ്റർ നീളത്തിലാണ് പുലിമുട്ട് നിർമിക്കുന്നത്. ഒരു കിലോമീറ്റർ കടലിലേക്ക് നേരെ നീട്ടിയും, 2.2 കിലോമീറ്റർ തീരത്തിനു സമാന്തരമായുമാണ് ബ്രേക് വാട്ടർ. ഉൾചാനലിന് 20.4 മീറ്റർ ആഴവും ബെർത്തിനും പുറംചാനലിനും 18.5 മീറ്റർ ആഴവും ഉറപ്പാക്കുന്നതിന് 15 മുതൽ 20 മീറ്റർ വരെ പലയിടത്തും ഡ്രെജ് ചെയ്യേണ്ടതുണ്ട്. തീരക്കടലിൽ 66 ഹെക്ടർ സ്ഥലം നികത്തിയെടുക്കുന്നു, ഇതിന് ഡ്രെജ് ചെയ്തെടുത്ത 76 ലക്ഷം ക്യൂബിക് മീറ്റർ മണ്ണ് ഉപയോഗിക്കുന്നു. ഇത്രയും വലിയ തോതിലുള്ള നിർമിതി ഈ തീരത്ത് ഇതിനു മുൻപ് ഉണ്ടായിട്ടില്ല. വർഷംതോറും 30,000 ക്യൂബിക് മീറ്റർ മെയ്ന്റനൻസ് ഡ്രെജിങ് ആവശ്യമാണ്. കോവളം മുനമ്പ് കടലിലേക്കു തള്ളി നിൽക്കുന്നത് 300 മീറ്ററാണ്. ഇതിനെക്കാൾ നീളമുണ്ട് വിഴിഞ്ഞത്തെ ഒരു കിലോമീറ്റർ വരുന്ന ഓഫ്ഷോർ ബ്രേക് വാട്ടറിന്. വിഴിഞ്ഞം- കോവളം മുനമ്പിനെക്കാൾ വിസ്തൃതമാണ് 3.18 കിലോമീറ്റർ വരുന്ന വിഴിഞ്ഞത്തെ പുലിമുട്ട് മേഖല. ഇതുമൂലം തീരക്കടലിലെ സ്വാഭാവിക മണ്ണൊഴുക്കും തിരകളുടെ ചലനശക്തിയും മണ്ണടിയൽ പ്രക്രിയയും മറ്റും അവതാളത്തിലായിട്ടുണ്ട്. വിഴിഞ്ഞത്തിനു വടക്കുഭാഗത്തായി പനത്തുറ, പൂന്തുറ, ബീമാപള്ളി, വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിലും, തെക്കുഭാഗത്തായി കൊല്ലങ്കോട്, പരുത്തിയൂർ എന്നിവിടങ്ങളിലും അനുഭവപ്പെട്ടിരുന്ന തീരശോഷണം തുറമുഖനിർമാണം ആരംഭിച്ചതിനു ശേഷം കൂടുതൽ രൂക്ഷമായി. പുലിമുട്ടിന്റെ തെക്കുഭാഗത്ത് മണൽ അടിഞ്ഞുകൂടുന്നതുമൂലം ആ പ്രദേശത്തെ പുഴകളിലും തോടുകളിലും നിന്നുള്ള നീരൊഴുക്ക് തടസപ്പെടുന്നത് വെള്ളപ്പൊക്കത്തിന് ഇടയാക്കുന്നു.

നിരന്തരം ഡ്രെജിങ് നടത്തുന്നത് സമുദ്രജൈവവൈവിധ്യത്തിന് വിനാശകരമായ പ്രത്യാഘാതമുണ്ടാക്കുന്നു. തീരക്കടലിലെ പാരുകളിലെ സങ്കീർണമായ ആവാസവ്യവസ്ഥയിലെ ജീവജാലങ്ങൾക്ക് നാശനഷ്ടം സംഭവിക്കുന്നു. തലമുറകളായി കടലിനെ ആശ്രയിച്ചുകഴിയുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവന മാർഗം ഇല്ലാതായി. അവരുടെ സാംസ്കാരിക പൈതൃകവും നിലനില്പും കടലുമായുള്ള ബന്ധവും നശിപ്പിക്കപ്പെട്ടു. ഈ മേഖലയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായ കോവളം ബീച്ചിന്റെ മനോഹാരിത അപ്പാടെ തകർക്കുന്നതാണ് വിഴിഞ്ഞത്തെ നിർമിതികൾ. തീരപ്രദേശത്തെ ജനങ്ങളുടെ മറ്റൊരു പ്രധാന വരുമാനസ്രോതസാണ് ഇങ്ങനെ ഇല്ലാതായത്.

കേരളതീരത്തെ ജൈവവൈവിധ്യത്തിന്റെ 20 ശതമാനത്തിലേറെ നിലനിൽക്കുന്നത് വിഴിഞ്ഞം ഉൾക്കടലിലെ ആവാസവ്യവസ്ഥയിലാണ്. 1,200 ഇനം സ്പീഷിസുകളുടെ സവിശേഷ സങ്കേതമായ വിഴിഞ്ഞത്തെ 15 പാരുകളിലെ (പാറക്കെട്ടുകളിലെ പവിഴപ്പുറ്റ്) ആവാസവ്യവസ്ഥ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനത്തിനും ആധാരമാണ്. പുലിമുട്ടുനിർമാണവും ഡ്രെജിങ്ങും നികത്തലും ഈ സമുദ്രജീവനുകളിൽ പകുതിയും ഇല്ലാതാക്കും.

വിഴിഞ്ഞത്തെ പരമ്പരാഗത മീൻപിടുത്തക്കാരുടെ സമൂഹത്തിന്റെ ഉപജീവനം കടലുമായി ബന്ധപ്പെട്ടതാണ്. കടലിലെ ജൈവവൈവിധ്യത്തിലും തീരത്തെ ആവാസവ്യവസ്ഥയിലും സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വ്യവഹാരത്തിലുമുണ്ടാകുന്ന ആഘാതങ്ങൾ അവരുടെ നിലനില്പിനെ ബാധിക്കുന്നു. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഡിപിആറിലും പരിസ്ഥിതി ആഘാതപഠന റിപ്പോർട്ടിലും ജൈവവൈവിധ്യത്തിന്റെ കാര്യം നിസാരവത്കരിച്ചിരിക്കയാണ്. സമുദ്രജീവനും തീരദേശ സമൂഹങ്ങൾക്കും ഉണ്ടാകുന്ന ദോഷഫലങ്ങളെ തമസ്കരിക്കാനായിരുന്നു ശ്രമം.

മത്സ്യത്തൊഴിലാളി സമൂഹത്തിന് വിഴിഞ്ഞം തുറമുഖ നിർമാണം മൂലം ഭീമമായ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. പരമ്പരാഗത മീൻപിടുത്ത മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള എട്ടു ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള പ്രദേശം നഷ്ടപ്പെട്ടു. ഉപജീവന മാർഗം നഷ്ടപ്പെട്ടവർക്കു നൽകിയ നഷ്ടപരിഹാരം അപര്യാപ്തമാണ്. മത്സ്യമേഖലയിലെ തൊഴിൽ നഷ്ടം തീരദേശത്തെ സ്ത്രീകളെയും സാരമായി ബാധിച്ചു. പുറത്ത് വീട്ടുജോലിക്കും മറ്റും പോകേണ്ട അവസ്ഥയാണവർക്ക്.

സമുദ്രവിഭവങ്ങൾ, തീരസംരക്ഷണം, ജൈവവൈവിധ്യം, ടൂറിസം, ജലത്തിന്റെ ഗുണനിലവാരം, ശാസ്ത്രപഠനം, സാംസ്കാരിക മൂല്യം തുടങ്ങിയ മാദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തീരത്തെ പാരുകളുടെ (റോക്ക് റീഫ്) സേവനമൂല്യം 222 കോടി രൂപ കണക്കാക്കാം. വിഴിഞ്ഞം ലൈറ്റ് ഹൗസ് മുതൽ ഏഴിമല ക്ഷേത്രം വരെ അഞ്ചുകിലോമീറ്റർ നീളം വരുന്ന തീരം തൊട്ട് തീരക്കടലിലെ മൂന്നു കിലോമീറ്റർ വരെയുള്ള പരിസ്ഥിതിലോല മേഖല 1,500 ഹെക്ടർ വരും. വിഴിഞ്ഞം പദ്ധതി മേഖലയിൽ ചിപ്പിവാരൽ, കമ്പവല, കട്ടമരം എന്നിവയുമായി ബന്ധപ്പെട്ട 670 തൊഴിലാളികളുണ്ടെന്നാണ് ഔദ്യോഗിക കണക്ക്. പ്രതിദിനം 300 രൂപ വച്ച് അഞ്ചുവർഷത്തേക്കുള്ള നഷ്ടപരിഹാരമായി 5.6 ലക്ഷം രൂപയാണ് റീഫ് ഫിഷിങ് മേഖലയിലെ തൊഴിലാളികൾക്ക് അനുവദിച്ചത്. ഇത് തികച്ചും അപര്യാപ്തമാണ്. സംസ്ഥാനത്തെ മിനിമം കൂലി 600 രൂപ വച്ചു കണക്കാക്കിയാൽ 18 ലക്ഷം രൂപയെങ്കിലും ലഭിക്കേണ്ടതാണ്. മുപ്പതുപേർ വലിക്കുന്ന കമ്പവല (കരമടി) വിഴിഞ്ഞത്തിന് വടക്കായി എട്ടു ഗ്രാമങ്ങളിൽ നൂറിലേറെയുണ്ടായിരുന്നു. തീരശോഷണം മൂലം ഇനി വല വലിക്കാനാകില്ല. 3,000 മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയാണിത്. സന്തോഷ് ട്രോഫി ഗ്രാമങ്ങൾ എന്നറിയപ്പെടുന്ന പൊഴിയൂർ, പൂവാർ, പുല്ലുവിള എന്നിവ ഉൾപ്പെടെ 15 കിലോമീറ്റർ വരുന്ന മേഖലയിൽ ബീച്ചിലെ സ്പോർട്സ് വിനോദ വാർഷിക മൂല്യം 23 കോടി കണക്കാക്കാം.

വിഴിഞ്ഞം തുറമുഖ നിർമാണം തുടങ്ങിയതിനുശേഷം വടക്കുഭാഗത്ത് തീരശോഷണം രൂക്ഷമായതോടെ 289 വീടുകൾ തകർന്നിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിലും മറ്റു പ്രകൃതിക്ഷോഭങ്ങളിലും ഉണ്ടായതിനെക്കാൾ കൂടുതൽ നാശനഷ്ടങ്ങൾ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ ഉണ്ടാകുന്നതായി കാണാം. തീരശോഷണത്തിൽ തകർന്ന വീടുകൾക്ക് 92 കോടി രൂപയും തുറമുഖത്തിനായുള്ള പൈലിങ് പണികൾ മൂലം തകർന്ന വീടുകൾക്കായി 25 കോടി രൂപയും പുനരധിവാസത്തിന് വേണം. വേലിയേറ്റരേഖയിൽ നിന്ന് 50 മീറ്റർ പരിധിയിൽ 3,339 വീടുകൾ ജില്ലയിലുണ്ട്. വിഴിഞ്ഞത്തിനു വടക്കായി ഒൻപതു ഗ്രാമങ്ങളിലാണ് ഇവയിൽ 1,615 വീടുകൾ. 415 വീടുകൾ വേലിയേറ്റരേഖയിൽ നിന്ന് 10 മീറ്റർ മാത്രം ദൂരത്താണ്. ഏഴു വില്ലേജുകളിലായി 289 വീടുകൾ 2015നുശേഷം കടലെടുത്തുപോയി.

തീരസംരക്ഷണത്തിന് കരിങ്കല്ലുകൊണ്ട് ഭിത്തി കെട്ടുന്നതിന് മൊറട്ടോറിയം പ്രഖ്യാപിക്കണമെന്ന് റിപ്പോർട്ടിൽ നിർദേശിക്കുന്നു. തീരശോഷണത്തിന്റെയും കടലേറ്റത്തിന്റെയും അവസ്ഥയ്ക്കു പാകത്തിൽ പ്രദേശത്തിന് ഇണങ്ങിയ 'കോസ്റ്റൽ റിട്രീറ്റ്' സ്വാഭാവിക സംരക്ഷണ ഉപാധികൾ സ്വീകരിക്കണം. തീരസംരക്ഷണത്തിന് പോണ്ടിച്ചേരിയിൽ എൻഐഒടി നടപ്പാക്കിയതുപോലുള്ള തീരപരിപോഷണ പദ്ധതികൾ പരിഗണിക്കാവുന്നതാണ്. ചെലവുകുറഞ്ഞ സുസ്ഥിരമായ ബദൽമാർഗം ഒരുക്കുന്നതിന് വേലിയേറ്റരേഖയിൽ നിന്ന് 200 മീറ്റർ തീരം ഒരു നിർമിതിയും പാടില്ലാത്ത മേഖലയായി തിരിച്ച് അത് മത്സ്യത്തൊഴിലാളികൾക്കും പൊതുജനത്തിനും പ്രയോജനപ്പെടുന്ന പൊതുഇടമായി സംരക്ഷിക്കണം.

തീരസംരക്ഷണത്തിനുള്ള കടൽഭിത്തിയെക്കാൾ ഭവനനിർമാണം പോലുള്ള സാമൂഹിക അടിസ്ഥാനസൗകര്യത്തിന് പ്രാധാന്യം നൽകണം. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഭവനനിർമാണത്തിനും അടിസ്ഥാനസൗകര്യങ്ങൾക്കുമായി ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യാൻ തീരപരിപാലന മാർഗരേഖയിൽ (സിസെഡ്എംപി) നിർദേശിക്കുന്നുണ്ട്. നൂറു കുടുംബങ്ങൾക്ക് 30 കോടി രൂപ ചെലവിൽ പ്രത്യേകം രൂപകല്പന ചെയ്ത ഗ്രാമം (ഡിസൈൻഡ് വില്ലേജ്) ഒരുക്കണം. ഒരു കിലോമീറ്റർ കടൽഭിത്തി നിർമിക്കാൻതന്നെ 50 കോടി രൂപ ചെലവു വരും എന്നിരിക്കെ ഈ ഡിസൈൻഡ് ഗ്രാമനിർമിതി ലാഭകരമാണ്. വേലിയേറ്റരേഖയ്ക്കു തൊട്ടടുത്തുള്ള 3,340 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ 835 കോടി രൂപ ചെലവു വരും. തീരത്തെ 200 മീറ്റർ വികസന നിരോധന മേഖലയിൽ നിന്ന് മാറ്റുന്ന പതിനായിരം കുടുംബങ്ങൾക്ക് പുനരധിവാസ ച്ചെലവ് 1,300 കോടി രൂപയും. നിലവിലുള്ള കടൽഭിത്തിയിലെ കരിങ്കല്ല് സമൂഹഭവനനിർമിതിക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. സർക്കാരിന്റെയും ഭവന സ്വകാര്യ ഏജൻസികളുടെയും പങ്കാളിത്തത്തോടെ 2,000 കോടി രൂപയുടെ കോസ്റ്റൽ കമ്യൂണിറ്റി ഹൗസിങ് ഫണ്ട് രൂപവത്കരിക്കാനാണ് നിർദേശം.

ചൊരിമണൽ ബീച്ചുകൾ ടൂറിസത്തിന് വലിയ മുതൽക്കൂട്ടാണ്. ബീച്ച് ടൂറിസത്തിലൂടെ പ്രതിവർഷം 300 കോടി രൂപയാണ് കേരളം നേടുന്നത്. ടൂറിസ്റ്റുകൾ പ്രാദേശിക മത്സ്യബന്ധന രീതികളുമായി പരിചയപ്പെടുന്ന 'പെസ്കടൂറിസം' വികസിപ്പിച്ച് തീരദേശ സമൂഹത്തിനുകൂടി ലാഭവിഹിതം പങ്കുവയ്ക്കാനാകും വിധം പദ്ധതി നടപ്പാക്കണം. വിഴിഞ്ഞത്തിനു വടക്കുഭാഗത്തായി നഷ്ടപ്പെട്ട ബീച്ചുകളുടെ പുനരുദ്ധാരണത്തിന് അടിയന്തര പ്രാധാന്യം നൽകണം. പനത്തുറ, പൂന്തുറ, ബീമാപള്ളി, ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ്, ശംഖുമുഖം എന്നീ ബീച്ചുകൾ വീണ്ടെടുക്കേണ്ടതുണ്ട്. വിസിലും അദാനി പോർട് കമ്പനിയും ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം.

ആവാസവ്യവസ്ഥയുടെ സംരക്ഷണവും തീരദേശവാസികളുടെ മൗലിക മനുഷ്യാവകാശങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട് വിസിലും അദാനി പോർട്സ് കമ്പനിയും മനുഷ്യാവകാശങ്ങളും ബിസിനസ് വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട യുഎൻ മാർഗരേഖകളും ലംഘിച്ചിട്ടുള്ളത് പരിശോധിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ സ്വമേധയാ കേസെടുത്ത് അന്വേഷിക്കണം. മത്സ്യത്തൊഴിലാളി സമൂഹവും അദാനി പോർട്സും തമ്മിലുള്ള സംഘർഷത്തിന് പരിഹാരം 'സോഷ്യൽ ലൈസൻസ് ടു ഓപ്പറേറ്റ്' എന്ന പരസ്പര ധാരണയുടെ സാമൂഹിക ഉടമ്പടിയാണെന്ന് റിപ്പോർട്ടിൽ പറയുന്നു. പരാതികൾ പരിശോധിക്കാൻ ജനകീയ ഓംബുഡ്സ്മാനെ നിയോഗിക്കണമെന്നും നിർദേശമുണ്ട്.

തീരദേശവാസികളുമായി അനുരഞ്ജനത്തിന് അദാനി വഴങ്ങിയാലും പകയും ക്രൗര്യവും മുഖമുദ്രയാക്കിയ രാഷ്ട്രീയ യജമാനനർ കനിയുമോ?

വ്യാഴം
23
2023 നവംബർ
പുസ്തകം 19. ലക്കം 46

# ജീവനാദം

Jeevanadam

₹ 6.00 16 Pages

www.jeevanadam.com

നമ്മുടെ തീരം, നമ്മുടെ കടൽ Pg. 04

കലാപ കേരളസദസ് Pg. 05

മഞ്ഞനക്കാട്: പുണ്യതീരത്തെ ശുശ്രൂഷാസാകല്യം, Pg. 08

• വിഴിഞ്ഞം പദ്ധതി റിപ്പോർട്ട് പുറത്തിറക്കി. വൻ പാരിസ്ഥിതിക ആഘാതം ഉണ്ടാക്കിയെന്ന് ആരോപണം

# തീരജനതയ്ക്ക് വിഴിഞ്ഞം പദ്ധതി ഭീഷണിയെന്ന് രാമചന്ദ്രഗുഹ

തിരുവനന്തപുരം • വിഴിഞ്ഞം തുറമുഖ പദ്ധതി സംബന്ധിച്ച് വിഴിഞ്ഞം ജനകീയ സമിതി നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ സംഘടിപ്പിച്ച ചടങ്ങിൽ പുറത്തിറക്കി. "നമ്മുടെ തീരങ്ങൾ, നമ്മുടെ കടൽ: മീൻപിടുത്ത സമൂഹങ്ങളുടെ പൈതൃകം, എല്ലാവർക്കും ഉപയോഗ അവകാശം" എന്ന ശീർഷകത്തിലുള്ള ജനകീയ പഠനസമിതിയുടെ സമഗ്ര റിപ്പോർട്ട് ലോക മത്സ്യത്തൊഴിലാളി ദിനമായ നവംബർ 21ന് പ്രമുഖ ചരിത്രകാരനും എഴുത്തുകാരനും പരിസ്ഥിതി പണ്ഡിതനുമായ രാമചന്ദ്ര ഗുഹയാണ് പ്രകാശനം ചെയ്തത്. തിരുവനന്തപുരം അതിരൂപത ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ അധ്യക്ഷത വഹിച്ച ചടങ്ങിൽ വിഴിഞ്ഞം സമരസമിതി നേതാക്കളായ എൽസി ഗോമസ്, പാട്രിക് മൈക്കിൾ എന്നിവർ റിപ്പോർട്ടിന്റെ ആദ്യപ്രതി ഏറ്റുവാങ്ങി.

വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് തീരഭൂമിയും, കൃഷിഭൂമിയും, വനഭൂമിയുമൊക്കെ കോർപറേറ്റുകൾക്ക് നൽകാൻ സർക്കാർ വ്യഗ്രത കാണിക്കുന്നെന്ന് അധ്യക്ഷപ്രസംഗത്തിൽ ഡോ. തോമസ് ജെ. നെറ്റോ ആരോപിച്ചു. വികസന വൈകല്യത്തിലേക്ക് സർക്കാർ നീങ്ങുകയാണ്. വിഴിഞ്ഞത്ത് പാരിസ്ഥിതിക പഠനം നടത്താൻ സാർക്കാരിന് ഇതുവരെ സാധിച്ചില്ല. സമരസമിതി അതു സാക്ഷാത്ക്കരിച്ചു. തുറമുഖവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെയാണ് പദ്ധതിയുമായി മുന്നോട്ടു പോകുന്നത്. സർക്കാരിന്റെ പഠനസമിതിയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പടുത്താത്തതിനാലാണ് സമര സമിതി ജനകീയ പഠന സമിതിക്ക് രൂപം നൽകാൻ നിർബന്ധിതരായത്. ഇത് സർക്കാരിനോടുള്ള വെല്ലുവിളിയല്ല, പകരം മത്സ്യത്തൊഴിലാളി ജനതയെ തീരത്ത് നിലനിർത്താനുള്ള പരിശ്രമമാണിത്. തീരത്തെയും തീരജനതയുടെയും സംരക്ഷണത്തിനായുള്ള സമവായ ചർച്ചകൾക്ക് ഇനിയും സമയമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വിഴിഞ്ഞം തുറമുഖം കടലാവസ വ്യവസ്ഥയേയും തീരത്തിന്റെ നിലനിൽപിനെയും സാരമായി ആഘാതം സൃഷ്ടിക്കുമെന്നും അതുവഴി തീരജനതയുടെ സാമ്പത്തിക സാമൂഹിക മേഖലകളെ തകർക്കുകയും അവരുടെ നിലനില്പിന് തന്നെ ഭീഷണിയായി തീരുകയും ചെയ്യുന്ന ഒന്നാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ രാമചന്ദ്രഗുഹ അഭിപ്രായപ്പെട്ടു. വിഴിഞ്ഞം തുറമുഖ പദ്ധതി ജനാധിപത്യ വിരുദ്ധമാണ്. ജനങ്ങളുടെ അഭിപ്രായം തേടാതെ നടപ്പാക്കിയ പദ്ധതിയാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയെന്ന് പഠന റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. വിഴിഞ്ഞം തുറമുഖം സ്വകാര്യകമ്പനിയുടെ കൈവശമാകുന്നത് രാജ്യസുരക്ഷയേയും ബാധിക്കുന്ന വിഷയമാണ്. സാമ്പത്തിക-സാമൂഹിക-പാരിസ്ഥിതിക-രാഷ്ട്രീയ മേഖല കളിലൊന്നും സമൂഹത്തിനു യോജിച്ചതല്ല വിഴിഞ്ഞം പദ്ധതി. ഒരു സ്വകാര്യ കമ്പനിക്കാണ് ഇതിന്റെ നേട്ടം. ഒരു കമ്പനിക്ക് തുറമുഖ വിമാനത്താവള മേഖലകളിൽ കുത്തക ലഭിക്കുന്നത് രാജ്യത്തിന്റെ സുരക്ഷയെ ബാധിക്കും. ഒട്ടേറ രഹസ്യങ്ങളുള്ളതാണ് ഈ പദ്ധതി. തുറമുഖത്തിന് പരിസ്ഥിതി അനുമതി ലഭിക്കുന്നതിന് വിഴിഞ്ഞം രാജ്യാന്തര തുറമുഖ കമ്പനി (വിസിൽ) ഡേറ്റയിൽ തിരിമറി നടത്തിയെന്നാണ് റിപ്പോർട്ടിൽ നിന്നു മനസിലാകുന്നത്. തീരശോഷണം, ജൈവ വൈവിധ്യം, ടൂറിസം, മത്സ്യത്തൊഴിലാളികളുടെ ജീവിതം, ഉപജീവനം എന്നിവയെല്ലാം അവഗണിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പാരിസ്ഥിതിക ദുരന്തവും പദ്ധതി വരുത്തിവയ്ക്കുന്നതായി പഠന റിപ്പോർട്ടിൽ നിന്നു വ്യക്തമാകുന്നു. സമഗ്രഗവേഷണ നടത്തിയാണ് ജനകീയ സമരസമിതിയ്ക്കു വേണ്ടി വിദഗ്ദസംഘം റിപ്പോർട്ട് തയ്യാറാക്കിയതെന്നാണ് മനസിലാക്കുന്നത്. സർവകലാശാലകൾ പോലും അംഗീകരിക്കുന്ന പഠന ഗ്രന്ഥമാണ് ഇത്. എന്നാൽ സർക്കാർ അംഗീകരിക്കുമോ എന്നറി

തുടർച്ച പേജ് 03

ലേഖനം

## ദുബായ് യുഎൻ കാലാവസ്ഥാ ഉച്ചകോടി:

# വിഴിഞ്ഞം തുറമുഖ പദ്ധതിയും കാലാവസ്ഥാ പഠനവും

അനിൽകുമാർ പി.വൈ

യുഎൻ കാലാവസ്ഥാ ഉച്ചകോടി ദുബായിൽ തുടക്കം കുറിക്കുന്നതിന്റെ തലേനാൾ (നവംബർ 29), കാലാവസ്ഥയിൽ പ്രകടമായ മാറ്റം പ്രതിഫലിക്കാത്ത ദിനത്തിലാണ് തിരുവനന്തപുരം-പനത്തുറ തീരത്ത് ലക്ഷങ്ങളുടെ നഷ്ടം വരുത്തിയ കടലാക്രമണം. 200 മീറ്ററിലധികം ദൂരം കടലെടുത്തു. ജീവനോപാധികളായ വള്ളവും അനുബന്ധ ഉപകരണങ്ങളും നഷ്ടമായി.

ആമുഖമായി സൂചിപ്പിച്ചത്, കഴിഞ്ഞ ദിവസത്തെ കടലാക്രമണത്തിനും ഒരാഴ്ച മുമ്പ് ലോക മത്സ്യത്തൊഴിലാളി ദിനത്തിൽ (നവംബർ 21) നമ്മുടെ തീരം, നമ്മുടെ കടൽ-മത്സ്യബന്ധന സമൂഹങ്ങളുടെ പൈതൃകം. കടലും തീരവും എല്ലാവർക്കും എന്ന തലക്കെട്ടിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ആഘാതത്തെക്കുറിച്ച് ജനകീയ പഠന സമിതിയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. സർക്കാർ ഭീഷണിയിലും സമ്മർദ്ദത്തിലും പോലീസ് കേസുകളിലും പെട്ടുതീ സമരം അവസാനിപ്പിക്കേണ്ടി വന്നുവെങ്കിലും വിഴിഞ്ഞം തീരത്തെ കനൽ ഇനിയും അണഞ്ഞിട്ടില്ലെന്ന സൂചനയായിരുന്നു ഈ പഠന റിപ്പോർട്ട്. തിരുവനന്തപുരം കേരളത്തിന്റെ പരിസ്ഥിതിയുടെയും ആവാസവ്യവസ്ഥയുടെയും ആവശ്യമാണ് തീരം നിലനിൽക്കേണ്ടതെന്ന പ്രഖ്യാപനമായിരുന്നു പ്രശസ്ത ചരിത്രകാരൻകൂടിയായ രാമചന്ദ്ര ഗുഹ ഈ റിപ്പോർട്ട് പ്രകാശനം ചെയ്തത്.

തുറമുഖ സമരക്കാരെ സമ്മർദ്ദത്തിലാക്കി സമരം നിറുത്തുമ്പോൾ സർക്കാരുമായി ധാരണയിലെത്തിയത് തീരങ്ങൾ, തീരക്കടൽ, ജൈവവൈവിധ്യം, ഉപജീവനമാർഗ്ഗങ്ങൾ എന്നിവയിൽ തിരുവനന്തപുരം ജില്ലയിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ആശങ്കകൾ പഠിക്കുവാൻ സമിതി രൂപീകരിക്കുകയും മത്സ്യമേഖലയിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പഠന സംഘം വിപുലീകരിക്കണമെന്നുകൂടിയായിരുന്നു. എന്നാൽ സർക്കാർ വിദഗ്ദ്ധ പഠനസംഘത്തിൽ മത്സ്യമേഖലയുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയില്ലെന്ന് മാത്രമല്ല സർക്കാർ പഠനം എവിടെയും എത്തിയിട്ടുമില്ല.

ഈ ഒരു പശ്ചാത്തലത്തിലായിരുന്നു വിഴിഞ്ഞം തുറമുഖ ജനകീയ സമിതി പഠനം നടത്തി റിപ്പോർട്ട് പൊതുസമൂഹ ചർച്ചകൾക്കായി അവതരിപ്പിച്ചിരിക്കുന്നത്. തിരുവനന്തപുരം ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം ചീഫ് സയന്റിസ്റ്റ് ഡോ. കെ.വി. തോമസ് അദ്ധ്യക്ഷനായി ഫ്രെണീൽ ബാനർജി, സരിത ഫെർണാണ്ടസ്, ഡോ. ജോൺ കുര്യൻ, ഡോ. ടെറി മച്ചാഡോ, ഡോ. കെ.ജി. താര, ഡോ. ജോൺസൺ ജാമന്റ് എന്നിവർ അംഗങ്ങളായ സംഘമാണ് വിശദമായ പഠനം നടത്തിയത്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ബഹുമുഖ പ്രത്യാഘാതങ്ങളിലേക്ക് പഠന റിപ്പോർട്ട് വെളിച്ചം വീശുന്നു. ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രാദേശിക തീരപ്രദേശ നിർമ്മിതികളുടെ ആഘാതങ്ങളിൽനിന്ന് തീരത്തെയും തീരദേശ സമൂഹത്തെയും സംരക്ഷിക്കുന്നതിന് ഹ്രസ്വകാല ദീർഘകാല പരിഹാരനടപടികൾക്കുള്ള ശുപാർശകളും റിപ്പോർട്ടിൽ പരാമർശിക്കുന്നു. ആമുഖത്തോടൊപ്പം വിഴിഞ്ഞത്തെക്കുറിച്ച്, തുറമുഖ കരാർ, വിസിലിന്റെ ആകുലതകൾ, തീരവും തീരശോഷണവും, ജൈവവൈവിധ്യവും ആവാസവ്യവസ്ഥയും, മത്സ്യത്തൊഴിലാളികളുടെ ഉൾക്കാഴ്ചകൾ, തീരശോഷണത്തിൽ നഷ്ടപ്പെട്ട വീടുകൾ, മനുഷ്യാവകാശങ്ങളും പരിഹാര നടപടികളും, ദീർഘകാല പരിഹാര നടപടികൾ, ഭാവി യാഥാർഥ്യവും, മുന്നോട്ടുള്ള വഴി, കണ്ടെത്തലുകളും ശുപാർശകളും എന്നിങ്ങനെ 13 അദ്ധ്യായങ്ങളിലായി ഏകപക്ഷീയമല്ലാത്ത എന്നാൽ വസ്തുതാ റിപ്പോർട്ടാണ് പഠന സംഘം തയ്യാറാക്കിയിട്ടുള്ളത്.

മത്സ്യത്തൊഴിലാളികളുടെ ഉൾക്കാഴ്ചകൾ ഈ അദ്ധ്യായമാണ് ഏറെ ശ്രദ്ധേയം.

വിഴിഞ്ഞം തീരം പ്രതികൂല പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ആശങ്കകൾ അവരുടെതായ അനുഭവത്തിലൂടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണം തദ്ദേശ മത്സ്യത്തൊഴിലാളി സമൂഹത്തിലും തീരദേശ പരിസ്ഥിതിയിലും ഉണ്ടാക്കുന്ന ദോഷകരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് മത്സ്യത്തൊഴിലാളികൾ സ്വയം ആർജ്ജിച്ച ബോധ്യങ്ങളാണ് ഈ അദ്ധ്യായം. ജനകീയപഠനസമിതി രൂപീകരിച്ച പൊതുസംവാദങ്ങളിലൂടെ ശേഖരിച്ച ഉൾക്കാഴ്ചകളാണിത്.

### ഉപജീവനമാർഗ നഷ്ടം

തുറമുഖ നിർമാണം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിന് സാരമായ ദോഷം വരുത്തി. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ ഈ നിർമാണത്തോടെ രൂക്ഷമായെന്ന് മത്സ്യത്തൊഴിലാളികൾ പറയുന്നു. സമഗ്രമായ ഒരു തൊട്ട്-കൊട്ട വിശകലനം നടത്താതെ തുറമുഖ നിർമാണം ആരംഭിച്ചത് പരമ്പരാഗത മത്സ്യബന്ധന സമ്പ്രദായങ്ങൾ തടസ്സപ്പെടുന്നതിനും ലഭ്യമായ മത്സ്യബന്ധന മേഖലകളിൽ കുറവുണ്ടാകുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾക്ക് കേടുപാടുകൾ ഉണ്ടാകുന്നതിനും കരയിലെ അനുബന്ധ വിപണന- സംസ്കരണ മേഖലയിൽ പോലും ഗണ്യമായ സാമ്പത്തികനഷ്ടത്തിനും കാരണമായി.


### നിലവിലുള്ള മത്സ്യബന്ധന തുറമുഖത്ത് അപകടങ്ങൾ

ഇതുവരെ അപകടങ്ങളൊന്നും ഉണ്ടായിട്ടില്ലാത്ത വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്ത് തുറമുഖനിർമാണം ആരംഭിച്ചതോടെ ജീവഹാനിയും മത്സ്യബന്ധനബോട്ടുകൾക്ക് നാശനഷ്ടങ്ങളും സംഭവിച്ച് അപകടമേഖലയായി. നിർമാണസാമഗ്രികൾ കൊണ്ടുപോകുന്ന ബാർജുകൾ മത്സ്യബന്ധന വലകൾക്ക് കേടുപാടുകൾ വരുത്തി, സാമ്പത്തിക നഷ്ടം കൂടുതൽ രൂക്ഷമാക്കി.

### പാരിസ്ഥിതികനാശം

ഡ്രഡ്ജിങ്ങും അനുബന്ധ വസ്തുക്കളുടെ നിക്ഷേപം നിരവധി പാരുകൾ (റീഫുകൾ) നശിക്കുകയും അടിത്തട്ടിലെ മണൽത്തിട്ടകൾ ഇല്ലാതാക്കുന്നു. ഇത് മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെയും കടൽ പരിസ്ഥിതിയെയും മത്സ്യആവാസവ്യവസ്ഥകൾ ഉൾപ്പെടെ ജൈവവൈവിധ്യത്തെയും പ്രതികൂലമാക്കി.



### തൊഴിൽ ആഘാതം

മത്സ്യബന്ധനമേഖലകളും ആവാസവ്യവസ്ഥയും നഷ്ടപ്പെട്ടതിനാൽ നിരവധി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും ജോലി നഷ്ടമായി. ഇതോടെ മത്സ്യ അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നുള്ള നിരവധി വനിതകൾ തീരംവിട്ട്, വീട്ടുജോലി പോലെ ബദൽ തൊഴിലുകൾ തേടാൻ നിർബന്ധിതരായി.

### സാമൂഹിക ആഘാതം

തീരശോഷണത്തിന്റെ ഫലമായി വിവിധ പ്രദേശങ്ങളിലായി വീടുകളുടെ നാശത്തോടൊപ്പം അങ്കണവാടികൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയുൾപ്പെടെ പൊതു സാമൂഹിക സൗകര്യങ്ങളുടെ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നു. ഭവനരഹിതരായ കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപാർപ്പിക്കുന്നത് സ്വകാര്യതയുടെയും അടിസ്ഥാനസൗകര്യങ്ങളുടെയും അഭാവം അപര്യാപ്തമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.

### സാമൂഹികവും സാംസ്കാരികവുമായ ആഘാതം

തുറമുഖത്തിനു വേണ്ട നീണ്ട പുലിമുട്ടിന്റെ നിർമാണം മീൻപിടുത്ത സമൂഹത്തിന്റെ കടലിലേക്കുള്ള പ്രാപ്യത ഗണ്യമായി തടസ്സപ്പെടുത്തി ബീച്ചുകളുടെ നഷ്ടം കുട്ടികൾക്കുള്ള കായിക വിനോദ അവസരങ്ങൾ കൂട്ടായ പ്രവൃത്തികൾ എന്നിവ പ്രതികൂലമായി ബാധിച്ചു.

### കൂടിയാലോചനയുടെ അഭാവം

പാരിസ്ഥിതികവും സാമൂഹിക സാമ്പത്തികവുമായ വിലയിരുത്തലുകളിൽ വിഴിഞ്ഞം തുറമുഖത്തിന്റെ വടക്കും തെക്കുമുള്ള മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ കാഴ്ചപ്പാടുകൾക്കും ആശങ്കകൾക്കും അർഹമായ പരിഗണന നൽകിയിട്ടില്ല. ബാധിത സമുദായങ്ങളുടെ അവകാശം മാത്രമല്ല, സർക്കാരിന്റെയും നിക്ഷേപകരുടെയും ഉത്തരവാദിത്തം ആണെന്ന തത്വം പാലിക്കുന്നതിലെ പോരായ്മയാണ്.

### അന്താരാഷ്ട്ര പരിശോധന

ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷന്റെ (ഐ.എഫ്.സി) കംപ്ലയൻസ് അഡ്വൈസർ ഓംബുഡ്സ്മാൻ (സിഎഒ) അന്വേഷിച്ചത് അപര്യാപ്തമായ കൂടിയാലോചനയും തുറമുഖ നിർമാണത്തിന്റെ പ്രതികൂല പ്രത്യാഘാതങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിലെ പരാജയവും മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ സാധൂകരിക്കുന്നു.

ചുരുക്കത്തിൽ, ഈ അദ്ധ്യായം വിഴിഞ്ഞം തുറമുഖ നിർമാണം പ്രാദേശിക മത്സ്യത്തൊഴിലാളിസമൂഹങ്ങൾ, അവരുടെ ഉപജീവന മാർഗങ്ങൾ, പരിസ്ഥിതി, ബാധിത പ്രദേശങ്ങളുടെ സാമൂഹികഘടന എന്നിവയിൽ ഉണ്ടാക്കിയ ഗുരുതരമായ പ്രത്യാഘാതങ്ങളാണ്. ഈ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനും അവരുടെ അവകാശങ്ങളും ക്ഷേമവും ഉറപ്പാക്കാൻ കൂടിയാലോചന, വിലയിരുത്തൽ, ലഘൂകരണ ശ്രമങ്ങൾ എന്നിവയുടെ അടിയന്തിര ആവശ്യകതയും വിശദീകരിക്കുന്നു.

വിസിലിന്റെ ഇന്നത്തെ നിലയും ഭാവി യാഥാർത്ഥ്യവും ഏറെ വിമർശന വിധേയമാണ്. തുറമുഖം വിജയ സാധ്യത തന്ത്രപ്രധാനമായ സ്ഥാനത്തിനും കടലിന്റെ ആഴത്തിനും അപ്പുറമാണെന്ന് വിലയിരുത്തുന്നു. ഒരു വാണിജ്യ ട്രാൻസ്ഷിപ്മെന്റ് പോർട്ടിന്റെ പ്രവർത്തനക്ഷമതയ്ക്ക് നിർണായകമായ പ്രധാന ഘടകങ്ങൾ വിശദമാക്കുന്നു.

### കാലതാമസവും പൂർത്തീകരണസമയക്രമവും

പ്രകൃതിദുരന്തങ്ങൾ, വിഭവ വസ്തുക്കളുടെ ദൗർലഭ്യം, കൊവിഡ്-19 മഹാമാരി, പ്രതിഷേധങ്ങൾ തുടങ്ങി വിവിധ ഘടകങ്ങൾ കാരണം വിഴിഞ്ഞം തുറമുഖപദ്ധതി കാലതാമസം നേരിട്ടതായി തുറമുഖ കമ്പനി തന്നെ അംഗീകരിക്കുന്നു.

2023 ഒക്ടോബറിൽ പുലിമുട്ട് നിർമാണവും ഡ്രഡ്ജിംഗും കടൽ നികത്തലും ആവശ്യമായതിന്റെ മൂന്നിൽ രണ്ട് ഭാഗം മാത്രം പൂർത്തിയായ അവസ്ഥയിൽ പൂർത്തീകരണ സമയപരിധി 2024 ഡിസംബർ വരെ നീട്ടിയിരിക്കുകയാണ്.

### കപ്പൽ ഗതാഗത സാധ്യതകളും മത്സരവും

തുറമുഖ വ്യവസായത്തിനുള്ളിലെ കപ്പൽ ഗതാഗത സാധ്യതകളിലും ഈ മേഖലയിലെ മത്സരത്തെക്കുറിച്ചും ആശങ്കകൾ ഉയർന്നുവരുന്നു. ഇന്ത്യയിലെ കണ്ടെയ്നർ ട്രാഫിക്കിന്റെ മുൻകാല കണക്കുകൾ ശുഭാപ്തി വിശ്വാസം പെരുപ്പിച്ചു കാട്ടുന്നു. വല്ലാർപാടം, കൊളംബോ തുടങ്ങിയ സമീപ ട്രാൻസ്ഷിപ്മെന്റ് തുറമുഖങ്ങൾ ഉള്ള ശേഷി വേണ്ടത്ര വിനിയോഗിക്കാനാകാതെ സാമ്പത്തിക വെല്ലുവിളികൾ നേരിടുന്നു.

### ഉൾനാടൻ ബന്ധവും സാമ്പത്തികബാധ്യതയും

ഉൾനാടൻ സമ്പർക്ക വ്യവസ്ഥകളുടെ ശക്തമായ പിന്തുണയില്ലാത്തത് വിഴിഞ്ഞം നേരിടുന്ന വെല്ലുവിളി പ്രവർത്തനനില കൈവരിക്കുന്നതിന് 2000 കോടി രൂപയിലധികം ഇനിയും സംസ്ഥാനം മുടക്കണമെന്നത് കേരളത്തിന് കാര്യമായ സാമ്പത്തിക കടബാധ്യതയുണ്ടാക്കുന്നു. ഭൂമി ഏറ്റെടുക്കൽ, റെയിൽപാത നിർമാണം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് തുടങ്ങിയ ചെലവുകൾ ഇതിൽപ്പെടുന്നു.

### പങ്കാളികളും താൽപര്യങ്ങളും

അദാനി പോർട്സിന്റെയും കേരള സർക്കാരിന്റെയും താൽപര്യങ്ങളും വെല്ലുവിളികളും തമ്മിലുള്ള സങ്കീർണമായ ഇടപെടലുകൾ ഇരുവരുടെയും നേട്ടങ്ങളുമായും നഷ്ടങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. വാണിജ്യാവശ്യങ്ങൾക്കായി ഭൂമി വിനിയോഗിക്കുന്നതിൽ നിന്ന് അദാനി തുറമുഖ കമ്പനിക്ക് നേട്ടമുണ്ടാകുമ്പോൾ എന്നാൽ കേരള സർക്കാരിന്റെ വർദ്ധിച്ചുവരുന്ന സാമ്പത്തികവും പാരിസ്ഥിതികവുമായ സമ്മർദ്ദങ്ങൾ അഭിമുഖീകരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിന്റെ വിജയം സ്ഥലത്തിനും ആഴത്തിനും അപ്പുറത്തുള്ള ബഹുമുഖ ഘടകങ്ങളെയും പരിഗണനകളെയും ആശ്രയിച്ചിരിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. വാണിജ്യ ട്രാൻസ്ഷിപ്മെന്റ് തുറമുഖത്തിന്റെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിലെ സങ്കീർണ്ണതകളാണ് ചുരുക്കത്തിൽ ഈ പഠനം ... ശുപാർശ ... ഭാവത്തോടെ സമീപിക്കേണ്ടതാണ് ഈ സമഗ്ര പഠനം